## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109 — 05/03/2020 ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ<br>,, എസ്.ശർമ്മ<br>,, കെ. ആൻസലൻ<br>,, വി. കെ. സി. മമ്മത് കോയ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെ സംരക്ഷ ണത്തിനായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നതിന് ISRO സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണ് ഇതിൽ മുൻഗണന നൽകിയിട്ടുള്ളത്. കൂടാതെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>പരമ്പരാഗത മത്സ്യത്തൊഴി ലാളികളുടെ സംരക്ഷണത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും 2018-19 വർഷം മുതൽ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽ നിന്ന് 52 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | 66 ജി.പി.എസ്, 132 ലൈഫ് ബോയെ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 66 എക്കോ സൗണ്ടറുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 500 ജി.പി.എസ് 1000 ലൈഫ് ബോയെ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea Safety equipments to traditional fishing crafts പദ്ധതി പ്രകാരം 1500 യാനങ്ങൾക്ക് ഡാറ്റ്, വിഎച്ച്.എഫ് റേഡിയോ, ജി.പി.എസ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന 559.72 കോടി രൂപയുടെ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>• പരമ്പരാഗത യാനങ്ങൾക്ക് ഔട്ട്ബോർഡ് മോട്ടോർ ഘടിപ്പിക്കുന്നതിന് 30,000/- രൂപ സബ്സിഡിയും വലകൾക്കുള്ള സബ്സിഡി 10,000/- രൂപയുമാണ്.<br>• സംയോജിത മത്സ്യ വികസന പദ്ധതി (IFDP)<br>• മണ്ണെണ്ണ സബ്സിഡി പദ്ധതി (150.30 കോടി രൂപ)<br>• മൈക്രോ ഫിനാൻസ് പദ്ധതി<br>• പലിശരഹിത വായ്പ പദ്ധതി<br>• ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി<br>• മത്സ്യത്തൊഴിലാളി / അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി |
| (ബി) | സ്വന്തമായി വള്ളവും വലയുമുള്ളവരാക്കി മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളാക്കുന്നതിനായി ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 40% സബ്സിഡി നിരക്കിൽ 200 FRP മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി |

| | | | |
|---|---|---|---|
| | മത്സ്യബന്ധന ഉപകരണങ്ങൾക്ക് സൗജന്യമായി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | | നടപ്പിലാക്കിവരുന്നു. കൂടാതെ ഓഖി ദുരന്തത്തിൽ യാനങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 FRP മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ മത്സ്യഫെഡ് മുഖേന 1057 മത്സ്യബന്ധന യാനങ്ങളും 2715 OBM കളും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2018-19 വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. കൂടാതെ ചുവടെപ്പറയുന്ന പദ്ധതികൾ മുഖേനയും മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.<br>1) വലകൾക്കുള്ള സബ്സിഡി പദ്ധതി<br>2) നാടൻ വള്ളങ്ങളുടെ നവീകരണം<br>3) മത്സ്യഫെഡ് സുരക്ഷാ ഉപകരണ പദ്ധതി<br>4) സംയോജിത മത്സ്യ വികസന പദ്ധതി |
| (സി) | മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യഫെഡ് വഴി പലിശ രഹിത വായ്പ നൽകി വരുന്നുണ്ടോ; | (സി) | ഉണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി മത്സ്യഫെഡ് നൽകി വരുന്നു. കൂടാതെ മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് മത്സ്യഫെഡ് നടപ്പിലാക്കുന്നത്. പലിശ തുക മുഴുവൻ സർക്കാരാണ് നൽകി വരുന്നത്. |
| (ഡി) | മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി നൽകണമെന്നും മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന് അനുകൂല പ്രതികരണമുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി, കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്. അതിൽ സബ്സിഡി മണ്ണെണ്ണയുടെ കാര്യത്തിൽ ഇതുവരെയും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. എന്നാൽ |

| | | | |
|---|---|---|---|
| | | | നിവേദനം നൽകിയത് പരിഗണിച്ച് 4632 കിലോ.ലിറ്റർ non subsidized PDS മണ്ണെണ്ണ സിവിൽ സപ്ലൈസിന് ആദ്യം അനുവദിക്കുകയും, പിന്നീട് 10476 കിലോ ലിറ്റർ ഈ ഇനത്തിൽ വീണ്ടും അനുവദിക്കുകയുമുണ്ടായിട്ടുണ്ട്.<br>മത്സ്യബന്ധന യാനങ്ങൾക്ക് ഒരു വർഷം 51700 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണെന്ന് കാണിച്ച് കേന്ദ്ര സർക്കാരിന് കത്ത് സമർപ്പിക്കുകയും ഫിഷറീസ് സെക്രട്ടറി കേന്ദ്ര പെട്രോളിയം സെക്രട്ടറിയെ നേരിൽ കണ്ട് വിവരം ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**